# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1352 12.03.2015 ലെ മറുപടിയ്ക്ക്

## ബാലുശ്ശേരി മണ്ഡലത്തിൽ മിനി സിവിൽസ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

(എ) ബാലുശ്ശേരി മണ്ഡലത്തിൽ മിനി സിവിൽസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

(ബി) പൊതുമരാമത്ത് വകുപ്പ് സീനിയർ ആർക്കിടെക്ട് സ്ഥലം പരിശോധന നടത്തിയോ;

(സി) നിർദ്ദിഷ്ട സ്ഥലത്തിന്റെ ലവൽസ് സംബന്ധിച്ച സർവ്വെ റിപ്പോർട്ട് ലഭ്യമായോ;

(ഡി) പൊതുമരാമത്ത് കെട്ടിട നിർമ്മാണ വിഭാഗം കരട് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) നടപടികൾ ത്വരിതപ്പെടുത്തു-ന്നതിനായി നിർദ്ദേശിക്കാമോ?

(എ) (ബി) (സി) (ഡി) & (ഇ) ബാലുശ്ശേരി മണ്ഡലത്തിൽ മിനി സിവിൽസ്റ്റേഷൻ കെട്ടിടം നിർമ്മാണ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് സീനിയർ ആർക്കിടെക്ട് സ്ഥലം പരിശോധന നടത്തി. അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ സ്കെച്ച് പ്ലാൻ തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. നടപടികൾ ത്വരിതപ്പെടുത്തു-ന്നതിനായി നിർദ്ദേശം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ